രണ്ടാം ഗ്രേഡ് സ്വീപ്പർ തസ്തികയിലെ ഒഴിവ് പി.എസ്.സി മുഖേനയല്ല നികത്തുന്നത്.

(ബി & സി) മറുപടി അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ഡി - എഫ്) 24 പേർ ; അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഒഴിവുണ്ടായിരുന്ന പാർട്ട് ടൈം രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ് സ്വീപ്പർമാർ

226 (6145) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ എത്ര പാർട്ട് ടൈം രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ് സ്വീപ്പർമാരുടെ ഒഴിവുകളുണ്ടായിരുന്നു ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; ഇവരുടെ പേര് വിവരം വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്രപേർ ഇപ്പോൾ ഗവൺമെന്റ് പ്രസ്സിൽ ജോലി നോക്കുന്നുണ്ട് ;

(ഡി) എത്രപേർ അദർ ഡ്യൂട്ടിയിൽ മറ്റ് പ്രസ്സുകളിലോ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വഴിയോ ജോലി നോക്കുന്നുണ്ട് ;

(ഇ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഇപ്പോൾ എത്ര സ്വീപ്പർമാരുടെ സേവനം ആവശ്യമുണ്ട് ;

(എഫ്) ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഇപ്പോൾ സ്വീപ്പർമാരുടെ സേവനം ആവശ്യമില്ലാത്തതുകൊണ്ടാണോ ഇവിടെ നിയമിച്ചവരെ അദർഡ്യൂട്ടിയിൽ ജോലി നോക്കുവാൻ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാർട്ട് ടൈം സ്വീപ്പർ, ഒന്നാം ഗ്രേഡ് സ്വീപ്പർ തസ്തികകളിൽ ഒഴിവുകളില്ലായിരുന്നു. രണ്ടാം ഗ്രേഡ് സ്വീപ്പർ തസ്തികയിൽ മൂന്ന് ഒഴിവുണ്ടായിരുന്നു.

(ബി) രണ്ടാം ഗ്രേഡ് സ്വീപ്പർ തസ്തികയിൽ മൂന്ന് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ശ്രീമതി എൻ. നൂർജഹാൻ, ശ്രീമതി ബീന മാർഗരറ്റ്, ശ്രീമതി എൽ.വി. ശൈലജ.

(സി) രണ്ട് പേർ.

(ഡി) അദർഡ്യൂട്ടിയിൽ രണ്ട് പേർ . ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന ആരും ജോലി ചെയ്യുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്ര സ്വീപ്പർമാരുടെ സേവനം ആവശ്യമുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(എഫ്) ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് രണ്ടുപേരെ അദർഡ്യൂട്ടിയിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ നിയോഗിച്ചിട്ടുള്ളത്.

സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം

227 (6146) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇ-പ്രൊക്യൂർമെന്റ് പദ്ധതി പൈലറ്റ് പ്രൊജക്ടിന് സ്റ്റേഷനറി വകുപ്പിനെ തെരഞ്ഞെടുത്തതുവഴി പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റേഷനറി വകുപ്പിലെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ടിംഗ് വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്പാർക്ക് സോഫ്ട് വെയർ സ്ഥാപിച്ചതുൾപ്പെടെയുള്ള കമ്പ്യൂട്ടറൈസേഷൻ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ അംഗീകൃത പർച്ചേസിംഗ് ഏജൻസിയായ സ്റ്റേഷനറി വകുപ്പിനെ ദേശീയ ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ജീവനക്കാർ ഓഫീസ് അച്ചടക്കം പാലിക്കുന്നതിനും, ചുമതലകൾ കൃത്യമായി നിറവേറ്റുന്നതിനും വേണ്ട നടപടികൾ സ്റ്റേഷനറി കൺട്രോളർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇ-പ്രൊക്യൂർമെന്റ് നടപ്പാക്കുന്നതോടുകൂടി ടെണ്ടർ ക്ഷണിക്കുന്നത് മുതൽ പേയ്മെന്റ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഈ സംവിധാനം വഴി നടപ്പിലാക്കാൻ കഴിയും. അത് വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, കാര്യക്ഷമവും, സമയബന്ധിതവുമായി ചെയ്യാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly